# <u>തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

വിഷയം:- ആവഡ-ജീവനകാര്യം-സ്പെഷ്യാലിറ്റി കേഡർ- അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന ഡോ.സജീഷ്.ഇ.കെ, ജൂനിയർ കൺസൾട്ടന്റ്(ജനറൽ സർജറി), തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1)സ.ഉ.(സാധാ)നം.1662/2025 H&FWD തിയതി, തിരുവനന്തപുരം 17/06/2025.

2)സ.ഉ.(സാധാ)നം.55/2020 H&FWD തിയതി, തിരുവനന്തപുരം 16/09/2020.

<u>ഉത്തരവ് നം :ഇബി-2/15521/2025/ആവഡ തിയതി : 20-06-2025</u>

ആരോഗ്യ വകുപ്പിൽ ജനറൽ സർജറി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ജോലി നോക്കി വരവെ അനധികൃതമായി അവധിയിൽ പ്രവേശിച്ച ഡോ.സജീഷ്.ഇ.കെയെ അച്ചടക്ക നടപടിയുടെ തീർപ്പിന് വിധേയമായി ആരോഗ്യ വകുപ്പിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് പരാമർശം1പ്രകാരം ഉത്തരവായിരിക്കുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ ഡോ.സജീഷ്.ഇ.കെ ജൂനിയർ കൺസൾട്ടന്റ്(ജനറൽ സർജറി),നെ തൃശ്ശൂർ ജില്ലയിൽ കുന്ദംകുളം താലൂക്ക് ആശുപത്രിയിൽ നിലവിലെ ഒഴിവിലേക്ക് പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾക്കും അച്ചടക്ക നടപടിക്കും വിധേയമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഡോ.സജീഷ്.ഇ.കെ 10 ദിവസത്തിനകം തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

ജോലിയിൽ പ്രവേശിച്ച ആർ.ടി.സി ഈ കാര്യാലയത്തിൽ

ലഭ്യമാക്കേണ്ടതുമാണ്. മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 20-06-2025 20:25:47

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ.സജീഷ്.ഇ.കെ,

ജൂനിയർ കൺസൾട്ടന്റ്(ജനറൽ സർജറി).

പകർപ്പ് : 1.ജില്ലാ മെഡിക്കൽ ഓഫീസർ (ആ) തൃശ്ശൂർ.

2.അക്കൗണ്ടന്റ് ജനറലുടെ കാര്യാലയം, തിരുവനന്തപുരം.

3.സൂപ്രണ്ട്, താലൂക്ക് ആശുപത്രി കുന്ദംകുളം.

4.ഫയൽ/സ്റ്റോക്ക് ഫയൽ.